**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 995** **24-02-2022 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി-കൂത്തുപറമ്പ് സംയുക്ത കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | 2017-18 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച തലശ്ശേരി-കൂത്തുപറമ്പ് സംയുക്ത കുടിവെള്ള പദ്ധതിയുടെ വാട്ടർ ടാങ്ക് ചൊക്ലി സർക്കാർ കോളേജിൽ നിർമ്മിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ അനുമതി വാങ്ങുന്നത് സംബന്ധിച്ച ഫയലിൽ സ്വീകരിച്ച നടപടികൾ ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ; | (എ) | വാട്ടർ ടാങ്ക് നിർമ്മിക്കാനുള്ള അനുമതിക്കായുള്ള പ്രൊപ്പോസൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ സമർപ്പിക്കുകയും സ.ഉ.(സാധാ) നം.1323/2021/ ഉ.വി.വ തീയതി.05.10.2021 പ്രകാരം ചൊക്ലി സർക്കാർ കോളേജിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ തലശ്ശേരി-കൂത്തുപറമ്പ് സംയുക്ത കുടിവെള്ള പദ്ധതിയുടെ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലത്തിന് ഉപയോഗ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് 25.11.2021-ലെ WS-C3/303/2018-WRD കത്ത് പ്രകാരം തുടർനടപടികൾക്കായി വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അവശേഷിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കാമോ? | (ബി) | പദ്ധതിക്കായി ടാങ്കുകളുടെ നിർമ്മാണത്തിനും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും 4 സ്വകാര്യ ഭൂമി ആവശ്യമായിട്ടുണ്ട്. ഇതിൽ 2 ഭൂമി (27.5 സെൻറ്) യുടെ ലാൻറ് അക്വിസിഷൻ നടപടികളിൽ 11(1) നോട്ടിഫിക്കേഷൻ പൂർത്തിയായി. BVR സമർപ്പിച്ചതിനു ശേഷം 19(1) നോട്ടിഫിക്കേഷൻ വരേണ്ടതുണ്ട്. 2 ഭൂമി (35 സെൻറ്) യുടെ സാമൂഹ്യ ആഘാത പഠനം പൂർത്തിയായി. എക്സ്പേർട്ട് കമ്മിറ്റി റിപ്പോർട്ട് കലക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ലാൻറ് അക്വിസിഷൻ നടപടികൾ പൂർത്തിയായാൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ